# കേരള സാഹിത്യ അക്കാദമി

# വാർഷിക റിപ്പോർട്ട്

# 2020–2021

# ആമുഖം

ആധുനിക ജനാധിപത്യ ഇന്ത്യയുടെ ആധാരശിലകളായ മതേതരത്വം, തുല്യനീതി, സംസ്കാരത്തിന്റെ ബഹുസ്വരത, സഹിഷ്ണുതയിൽ അടിയുറച്ച രാഷ്ട്രീയപ്രവർത്തനം, ആവിഷ്കാരസ്വാതന്ത്ര്യം തുടങ്ങിയവയെല്ലാം മാരകമായ വെല്ലുവിളികൾ നേരിടുകയാണ്. നാനാത്വത്തിൽ ഏകത്വം എന്ന അതിമഹത്തായ സങ്കല്പമാണ് ഇന്ത്യയെ മുന്നോട്ടുനയിക്കുന്ന ഭരണഘടന എന്നും ഉയർത്തിപ്പിടിച്ചത്. എന്നാൽ, ഇന്ന് ജനതയുടെ സ്വത്വബോധത്തെയും വ്യക്തിയുടെ സ്വയംനിർണ്ണായവകാശത്തെയും അട്ടിമറിക്കുകയും സവർണ്ണഹൈന്ദവപൗരോഹിത്യത്തിന് മേൽക്കൈയുള്ള ഒരു മതരാഷ്ട്രം കെട്ടിപ്പടുക്കുകയും ചെയ്യുക എന്നതാണ് ഇന്ത്യ ഭരിക്കുന്ന ഭരണാധികാരികൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. ഓരോ ദിവസം ചെല്ലുംതോറും സാധാരണജനത ജാതിയുടെയും മതത്തിന്റെയും വംശത്തിന്റെയും പേരിൽ ഭിന്നിച്ചകന്നുകൊണ്ടിരിക്കുകയാണ്. വർഗീയമനസ്ഥിതിയുടെ വക്താക്കൾക്ക് നമ്മുടെ സമൂഹത്തിൽ സ്വീകാര്യതയും ജനപ്രിയതയും നേടാനാകുന്നത് അത്യന്തം അപകടകരമാണ്.

അപരനെ പരിഗണിക്കുകയും അഭിസംബോധനചെയ്യുകയുമാണ് ഏതു കലാവസ്തുവിന്റെയും പ്രഥമദൗത്യം. മറ്റുള്ളവർക്കുവേണ്ടി നിലകൊള്ളുക എന്നതാണ് സർഗാത്മകപ്രവർത്തനങ്ങൾകൊണ്ട് സാധ്യമാകുന്നത്. ആശയങ്ങൾകൊണ്ടും സ്വപ്നങ്ങൾകൊണ്ടും ഇതര മനുഷ്യരുമായി സംവദിക്കുന്നിടത്താണ് കലാസൃഷ്ടിയുടെ ജന്മദൗത്യം നിറവേറപ്പെടുന്നത്. എന്നാൽ, കലകൾക്കും കലാകാരസമൂഹത്തിനും നേരെ ആയുധപ്പുരകൾ തുറന്നുവെയ്ക്കുകയാണ് അന്യമതവിദ്വേഷംകൊണ്ട് നയിക്കപ്പെടുന്ന ഒരുകൂട്ടം ആളുകൾ. അവരുടെ നരവേട്ടയ്ക്ക് ഇരയായി മാറുകയാണ് എഴുത്തുകാരും ബുദ്ധിജീവികളും സ്വതന്ത്രചിന്തകരും ഉൾപ്പെടുന്ന പൊതുസമൂഹം.

തങ്ങൾക്ക് അപ്രിയമായതെന്തും ആക്രമിക്കുകയും നശിപ്പിക്കുകയുമാണ് അസഹിഷ്ണുതയുടെ പ്രത്യയശാസ്ത്രം ചെയ്തുവരുന്നത്. ഭരണാധികാരികൾതന്നെ ഇത്തരം നീതിനിഷേധങ്ങൾക്ക് നേതൃത്വം നൽകുമ്പോൾ പൗരജീവിതം അസമാധാനത്തിന്റെ നാൾവഴികളിലേയ്ക്ക് വലിച്ചെറിയപ്പെടുന്നു. ഇത്തരം ഒരു കാലത്ത് എഴുത്തിന്റെയും വായനയുടെയും മണ്ഡലത്തിൽ പ്രവർത്തിക്കുന്നവർക്ക് ഉത്തരവാദിത്വം വർധിക്കുകയാണ്. സാഹിത്യം രുദിതാനുസാരിയാണ് എന്നത് അക്ഷരങ്ങൾക്ക് മനുഷ്യമനസ്സിൽ ചെലുത്താൻ കഴിയുന്ന വലിയ സ്വാധീനത്തെയാണ് വിളംബരം ചെയ്യുന്നത്. അരുതേ എന്ന് ഹിംസയുടെ ശക്തികളോട് വിളിച്ചുപറയുകയാണ് സാഹിത്യത്തിന്റെ ദൗത്യം. പീഡിതർക്കും പാർശ്വവത്കരിക്കപ്പെട്ടവർക്കും ഒപ്പം നിൽക്കുകയാണ് എഴുത്തുകാരുടെ ധർമ്മം. വർഗീയഫാസിസത്തിന്റെ സമഗ്രാധിപത്യപ്രവണതകളെ പ്രതിരോധിക്കാൻ വിശാലമായ ജനാധിപത്യ മതനിരപേക്ഷ വേദി പടുത്തുയർത്തുന്നതിന് സമകാലികപ്രസക്തി വർധിക്കുകയാണ്.

സർഗാവിഷ്കാരങ്ങളുടെയും ആശയസംവാദങ്ങളുടെയും മേഖലയെ സജീവമാക്കി നിലനിർത്തുക എന്നതും കലാസാഹിത്യവ്യവഹാരങ്ങളെ കൂടുതൽ വായനക്കാരിലേക്കും സഹൃദയരിലേക്കും എത്തിക്കുക എന്നതുമാണ് കേരള സാഹിത്യ അക്കാ

ദമി ഏറ്റെടുത്ത് വിജയിപ്പിച്ചത്. സാഹിത്യ അക്കാദമി എന്തിനുവേണ്ടിയാണോ രൂപീകരിക്കപ്പെട്ടത്, ഉജ്ജ്വലങ്ങളായ ആ ഉദ്ദേശ്യലക്ഷ്യങ്ങളുടെ സാക്ഷാത്കാരത്തിനുവേണ്ടി സഞ്ചരിക്കാനായി എന്നതിൽ അക്കാദമി ഭരണസമിതിക്ക് ഏറെ കൃതാർത്ഥതയുണ്ട്. ഭാഷയെയും കലകളെയും ചലനാത്മകമാക്കുക എന്നാൽ, പൗരജീവിതത്തെ പ്രബുദ്ധമാക്കി ഉണർത്തിനിർത്തുക എന്നതാണർത്ഥം. അത്തരത്തിലുള്ള നിരവധി പരിപാടികളാണ് 2020–2021 വർഷത്തിൽ സാഹിത്യ അക്കാദമി ആവിഷ്കരിച്ചത്. സമത്വവും സാഹോദര്യവും സഹവർത്തിത്വവും ഉറപ്പുവരുത്തുന്ന സാഹിത്യപ്രവർത്തനങ്ങളിലൂടെ സാംസ്കാരികരംഗം സജീവമാക്കാൻ, കൊവിഡ് കാലത്തിന്റെ പരിമിതികൾക്കുള്ളിൽനിന്നുകൊണ്ട്, ഈ റിപ്പോർട്ട് വർഷത്തിൽ ശ്രമിച്ചിട്ടുണ്ടെന്ന് വിനയത്തോടെ അറിയിക്കട്ടെ.

സാഹിത്യ അക്കാദമി ഒട്ടേറെ ഓൺലൈൻ പരിപാടികൾ സംഘടിപ്പിക്കുകയുണ്ടായി. 'അതിജീവനത്തിന്റെ മൊഴികൾ' അതിൽ പ്രധാനപ്പെട്ട ഒന്നാണ്. ഈ പരിപാടിയിൽ എം.കെ.സാനു, സച്ചിദാനന്ദൻ, എം.മുകുന്ദൻ, കെ.ജി.ശങ്കരപ്പിള്ള, എൻ.എസ്.മാധവൻ, സി.രാധാകൃഷ്ണൻ, വി.മധുസൂദനൻനായർ, ആർ.വി.ജി.മേനോൻ, എം.എൻ.കാരശ്ശേരി, സാറാജോസഫ്, യു.എ.ഖാദർ തുടങ്ങിയവർ പങ്കെടുത്തിരുന്നു. 'വായനാജീവിതം' ഓൺലൈൻ പ്രഭാഷണപരമ്പരയും 'രോഗവ്യാപനവും ആഖ്യാനവും' എന്ന വിഷയത്തിലുള്ള വെബിനാറും മലയാളഭാഷ വാരാഘോഷവും ദേശീയ വെബിനാർ പരമ്പരയും സഹൃദയശ്രദ്ധ നേടിയവയാണ്. സൈലന്റ് വാലിയിൽ സംഘടിപ്പിച്ച സുഗതകുമാരി അനുസ്മരണവും അയ്യന്തോളിൽ ഒരുക്കിയ അപ്പൻതമ്പുരാൻ അനുസ്മരണവും എരവിമംഗലത്തെ സുകുമാർ അഴീക്കോട് അനുസ്മരണവും തിരുവില്വാമലയിൽ സംഘടിപ്പിച്ച വി.കെ.എൻ. അനുസ്മരണവും വലപ്പാട് ഒരുക്കിയ കുഞ്ഞുണ്ണിമാഷ് സ്മരണയും കോട്ടയത്തെ എം.ഗോവിന്ദൻ ജന്മശതാബ്ദിയും ഏറെ ഹൃദ്യമായിരുന്നു. അഴീക്കോട് സ്മാരകത്തിന്റെ നവീകരണപ്രവൃത്തികൾക്ക് തുടക്കം കുറിക്കാനും ഈ കാലയളവിൽ സാധിച്ചു. എഴുത്തച്ഛൻ പുരസ്കാരം സമർപ്പണം ഉചിതമായി സംഘടിപ്പിക്കുന്നതിനും തുഞ്ചൻ ഉത്സവവേദിയിൽ പ്രഭാഷണങ്ങൾ ഒരുക്കുന്നതിനും അക്കാദമി മുൻകൈയെടുത്തിട്ടുണ്ട്.

കേരളസമൂഹം വലിയ വെല്ലുവിളികളെ നേരിട്ടുകൊണ്ടിരിക്കുന്ന ചരിത്രസന്ദർഭത്തിൽ മലയാളികളുടെ ആത്മാഭിമാനവും സാമൂഹികപദവിയും ഉയർത്തിപ്പിടിക്കാൻ സാഹിത്യ അക്കാദമിക്ക് സാധിക്കുന്നുവെന്നതിൽ അക്കാദമി ഭരണസമിതിക്ക് വലിയ ചാരിതാർത്ഥ്യമുണ്ട്.



**ഡോ.കെ.പി.മോഹനൻ**
സെക്രട്ടറി

# ആദരാഞ്ജലി

സാമൂഹ്യ-സാഹിത്യ-സാംസ്കാരികരംഗത്തുനിന്ന് ഏറെ പ്രമുഖർ ഈ കാലയളവിൽ കേരളസമൂഹത്തെ വിട്ടുപിരിഞ്ഞിട്ടുണ്ട്.

എം.പി.വീരേന്ദ്രകുമാർ, അക്കിത്തം, യു.എ.ഖാദർ, സുഗതകുമാരി, വിഷ്ണുനാരായണൻനമ്പൂതിരി, കെ.പ്രഭാകരൻ (ചിത്രകാരൻ), വി.കെ.ബാലകൃഷ്ണൻ, ബാലകൃഷ്ണൻ വള്ളിക്കുന്ന്, വി.ആർ.ഗോവിന്ദനുണ്ണി, പി.കെ.കരിയൻ, വി.വി.രുഗ്മിണി, മുഹമ്മ രമണൻ, ടി.ഗോപി, പി.പി.കെ.പൊതുവാൾ, ലൂയിസ് സെഫുൽവേഡ (ചിലിയൻ എഴുത്തുകാരൻ), കാറളം ചന്ദ്രശേഖരമേനോൻ, ഹരിശങ്കർ വാസുദേവൻ, ഗുൽഷൻ എവിംഗ്, മോഹൻ പോഴത്ത്, കെ.ദാമോദരൻ (ചിത്രകാരൻ), പത്മജ രാധാകൃഷ്ണൻ, സുധാകർ മംഗളോദയം, ഹുവാൻ മാഴ്സെ, ജോൺസൺ ഐരൂർ, പെരുമ്പുഴ ഗോപാലകൃഷ്ണൻ, ലൂയീസ് പീറ്റർ, ജിതേഷ് കക്കിടിപ്പുറം, പ്രൊഫ.ഇ.ശ്രീധരൻ, വംഗപാണ്ഡു പ്രസാദ് റാവു, ഇബ്രാഹിം അൽക്കാമ്പി, ഇലീന സെൻ, രാഹത്ത് ഇൻഡോറി, മെഴ്സിഡീസ് ബാർചപർദോ, ധർമ്മപാലൻ (എക്സ് ജവാൻ എടശ്ശേരി), എസ്.പി.ബാലസുബ്രഹ്മണ്യം, സ്വാമി അഗ്നിവേശ്, ഡോ.എ.എൻ.പി.ഉമ്മർകുട്ടി, ഡോ.വിജയാലയം ജയകുമാർ, ഡോ.പി.എം. മാത്യു വെല്ലൂർ, റോസ്കോട്ട് കൃഷ്ണപിള്ള, ഹാരോൾഡ് ഇവാൻസ്, കെ.കെ.സുബ്രഹ്മണ്യൻ, രവീന്ദ്രൻ ചെന്നിലോട്, എം.കെ.ചന്ദ്രൻ, ടി.സി.വി.സതീശൻ, കെ.പത്മനാഭൻ നായർ, ഗോപാലൻകുട്ടിമേനോൻ, ഷീന ജോസ്, ജോൺസ് കെ.മംഗലം, കിം കിം ഡുക്, ഡോ.കല്പറ്റ ബാലകൃഷ്ണൻ, ആലിസൺ ലൂറി, ആർ.ഹേലി, ഡി.വിജയമോഹൻ, അഹമ്മദ് മുസ്ലിം, മംഗ്ലേഷ് ദബ്രാൽ, കാഞ്ഞിരമറ്റം അന്ത്രു, കെ.പി.ബാലചന്ദ്രൻ നീലമ്പേരൂർ മധുസൂദനൻനായർ, അനിൽ പനച്ചൂരാൻ, പ്രൊഫ.പി.കൃഷ്ണൻ, നസീർ തുറാബി (ഉറുദു കവി), ആ. മാധവൻ, വേദ് മേത്ത, ഉമ്മന്നൂർ ഗോപാലകൃഷ്ണൻ, കെ.ഏ. ഉമ്മർകുട്ടി, രാഹത് ഇന്ദൗറി എന്നിവർ ഭാഷയ്ക്കും സംസ്കാരത്തിനും നൽകിയ വിലപ്പെട്ട സംഭാവനകൾക്കുമുന്നിൽ കേരള സാഹിത്യ അക്കാദമി ആദരപൂർവ്വം നമിക്കുന്നു.

# അക്കാദമി പരിപാടികൾ
## 2020-2021
(2020 ഏപ്രിൽ 1 മുതൽ 2021 മാർച്ച് 31 വരെ)

### 1. അതിജീവനത്തിന്റെ മൊഴികൾ
ഓൺലൈൻ
2020 ഏപ്രിൽ 3-14

മലയാളത്തിലെ പ്രമുഖ എഴുത്തുകാരെ അണിനിരത്തി കേരള സാഹിത്യ അക്കാദമിയുടെ ഫേസ്ബുക്ക്, യൂട്യൂബ് പേജുകളിൽ പ്രസിദ്ധീകരിച്ച ഓഡിയോ സീരിസ് ആയിരുന്നു 'അതിജീവനത്തിന്റെ മൊഴികൾ'.

പ്രൊഫ.എം.കെ.സാനു ഉദ്ഘാടനം ചെയ്തു. തുടർന്നുള്ള ദിവസങ്ങളിൽ എം.മുകുന്ദൻ, സച്ചിദാനന്ദൻ, കെ.ജി.ശങ്കരപ്പിള്ള, വൈശാഖൻ, എൻ.എസ്.മാധവൻ, സി.രാധാകൃഷ്ണൻ, വി.മധുസൂദനൻനായർ, ആർ.വി.ജി.മേനോൻ, ജി.മധുസൂദനൻ, എം.എൻ.കാരശ്ശേരി, സാറാജോസഫ്, ഇ.പി.രാജഗോപാലൻ, യു.എ.ഖാദർ, സി.വി.ബാലകൃഷ്ണൻ, എൻ.ശശിധരൻ, കെ.ഇ.എൻ., ആലങ്കോട് ലീലാകൃഷ്ണൻ, ടി.ഡി.രാമകൃഷ്ണൻ എന്നിവർ സംസാരിച്ചു.

### 2. വായനാജീവിതം
ഓൺലൈൻ
2020 ജൂൺ 20-25

വായനാവാരത്തോടനുബന്ധിച്ച് അക്കാദമി സംഘടിപ്പിച്ച ഓൺലൈൻ പ്രഭാഷണപരമ്പര 'വായനജീവിതം' ഡോ.ബി.ഇക്ബാൽ ഉദ്ഘാടനം ചെയ്തു. തുടർന്നുള്ള ദിവസങ്ങളിൽ ഡോ.ഉമർ തറമേൽ, എം.എ.റഹ്മാൻ, സുഭാഷ്ചന്ദ്രൻ, എസ്.ശാരദക്കുട്ടി, ബി.മുരളി, വി.ആർ.സുധീഷ് എന്നിവർ പങ്കെടുത്തു.

### 3. രോഗവ്യാപനവും ആഖ്യാനവും
ഓൺലൈൻ
2020 ജൂലായ് 20

പയ്യന്നൂർ ഗവ.കോളേജുമായി സഹകരിച്ച് സാഹിത്യ അക്കാദമി 'രോഗവ്യാപനവും ആഖ്യാനവും' എന്ന വിഷയത്തിൽ വെബിനാർ സംഘടിപ്പിച്ചു. അക്കാദമി പ്രസിഡണ്ട് വൈശാഖൻ ഉദ്ഘാടനം ചെയ്തു. സെക്രട്ടറി ഡോ.കെ.പി.മോഹനൻ ആമുഖഭാഷണം നടത്തി. അക്കാദമി നിർവ്വാഹക സമിതിയംഗം ഇ.പി.രാജഗോപാലൻ വിഷയം അവതരിപ്പിച്ചു. പയ്യന്നൂർ കോളേജ് ഇംഗ്ലീഷ് വിഭാഗം മുൻമേധാവി ഡോ.കെ.സി.മുരളീധരൻ അദ്ധ്യക്ഷനായിരുന്നു. അദ്ധ്യാപകനും വിവർത്തകനുമായ കെ.ടി.ദിനേശ്, സാഹിത്യ അക്കാദമി സബ് എഡിറ്റർ എൻ.ജി.നയനതാര എന്നിവർ ചർച്ചയിൽ പങ്കെടുത്തു.

### 4. മലയാളഭാഷ വാരാഘോഷം
ഓൺലൈൻ
2020 നവംബർ 1

മലയാളഭാഷ വാരാഘോഷം ഓൺലൈനായി സംഘടിപ്പിച്ചു. കവി സച്ചിദാനന്ദൻ ഉദ്ഘാടനം ചെയ്തു. ഭാഷയും പാരിസ്ഥിതികസമസ്യകളും എന്ന വിഷയത്തിൽ ഡോ.സി.വത്സനും ഭാഷയും ഭാഷാഭേദങ്ങളും എന്ന വിഷയത്തിൽ ഡോ.എ.ശ്രീനാഥും പ്രബന്ധങ്ങൾ അവതരിപ്പിച്ചു.

### 5. അപ്പൻതമ്പുരാൻ അനുസ്മരണം
അയ്യന്തോൾ, തൃശൂർ
2020 നവംബർ 19

കേരളവർമ്മ അപ്പൻതമ്പുരാന്റെ 79-ാം ചരമവാർഷികദിനത്തിൽ അപ്പൻതമ്പുരാൻ സ്മാരകവായനശാലയുടെ സഹകരണത്തോടെ തൃശൂർ അയ്യന്തോളിലെ അപ്പൻതമ്പുരാൻ സമാധിയിൽ പുഷ്പാർച്ചനയും അനുസ്മരണസമ്മേളനവും സംഘടിപ്പിച്ചു. കവി രാവുണ്ണി ഉദ്ഘാടനം ചെയ്തു. അക്കാദമി പബ്ലിക്കേഷൻ ഓഫീസർ ഈ.ഡി.ഡേവീസ് അദ്ധ്യക്ഷതവഹിച്ചു. ഡോ.എം.എൻ.വിനയകുമാർ, രാമചന്ദ്രൻ പുതുർക്കര, അപ്പൻതമ്പുരാൻ സ്മാരകവായനശാല സെക്രട്ടറി എ.പി.രാജൻ എന്നിവർ സംസാരിച്ചു.

### 6. ദേശീയ വെബിനാർ പരമ്പര

2020 ഡിസംബർ 10

തൃശൂർ ശ്രീ.കേരളവർമ്മ കോളേജ് കേരള സാഹിത്യ അക്കാദമിയുടെ സഹകരണത്തോടെ EIDOS: Reflections on Culture എന്ന വിഷയ ത്തിൽ ദേശീയ പ്രതിമാസ വെബിനാർ പരമ്പര സംഘടിപ്പിച്ചു. കൾച്ചർ ആന്റ് പ്ലൂരാലിറ്റി എന്ന ശീർഷകത്തിനു കീഴിൽ ഇഫ്ളുവിലെ ഡിപ്പാർട്ടു മെന്റ് ഓഫ് കംപാരറ്റീവ് ലിറ്ററേച്ചർ വിഭാഗം പ്രൊഫസർ ഡോ.ഇപ്ഷിതാചന്ദ പ്രഭാഷണം നടത്തി.

### 7. ദേശീയ വെബിനാർ പരമ്പര

2020 ഡിസംബർ 15

കാലിക്കറ്റ് സർവ്വകലാശാലാ ഇംഗ്ലീഷ് വിഭാഗം പ്രൊഫസർ ഡോ.എം.വി.നാരായണൻ Cultural Studies and Spatial Turn എന്ന വിഷയത്തിൽ സംസാരിച്ചു.

### 8. സുഗതകുമാരി അനുസ്മരണം

സൈലന്റ്‌വാലി

2021 ജനുവരി 23

സുഗതകുമാരിക്ക് ആദരാഞ്ജലികൾ അർപ്പിച്ച് സൈലന്റ്‌വാലിയിൽ അനുസ്മരണസമ്മേളനം സംഘടിപ്പിച്ചു. ഡോ. ഖദീജ മുംതാസ്, ഡോ.കെ. പി.മോഹനൻ, ഇ.പി.രാജഗോപാലൻ, റഫീക്ക് അഹമ്മദ്, പി.എൻ.ഗോപീകൃഷ്ണൻ, അഷ്ട മൂർത്തി, അൻവർ അലി, പി.രാമൻ, വീരാൻകുട്ടി, ഏങ്ങണ്ടിയൂർ ചന്ദ്രശേഖരൻ, മാധവൻ പുറച്ചേരി, അശോകൻ മറയൂർ, എൻ.രാജൻ, വി.മുസഫർ അഹമ്മദ്, ഒ.പി.സുരേഷ്, ജ്യോതിഭായ് പരിയാ ടത്ത്, വിനോദ് വൈശാഖി തുടങ്ങിയവർ പങ്കെ ടുത്തു.

### 9. ഡോ. സുകുമാർ അഴീക്കോട് അനുസ്മരണം

എരവിമംഗലം

2021 ജനുവരി 24

എരവിമംഗലം സുകുമാർ അഴീക്കോട് സ്മാര കത്തിൽവെച്ച് നടന്ന അഴീക്കോട് അനുസ്മരണം ചീഫ് വിപ്പ് കെ.രാജൻ ഉദ്ഘാടനംചെയ്തു. സാഹി ത്യഅക്കാദമി പ്രസിഡണ്ട് വൈശാഖൻ, സെക്രട്ടറി ഡോ.കെ.പി.മോഹനൻ, ജയരാജ് വാര്യർ, ശ്രീവിദ്യ രാജേഷ്, പി.ആർ.രജിത്ത്, ജയൻ കെ.ജി., പി.ഐ. സുരേഷ്ബാബു, എൻ.രാജഗോപാൽ എന്നിവർ പങ്കെടുത്തു.

### 10. വി.കെ.എൻ. അനുസ്മരണം

തിരുവില്വാമല

2020 ജനുവരി 25

തിരുവില്വാമല വി.കെ.എൻ.സ്മാരകത്തിൽ നടന്ന വി.കെ.എൻ. അനുസ്മരണചടങ്ങിൽ വി.കെ. എന്നിന്റെ പത്നി വേദവതിയമ്മ പുഷ്പാർച്ചന നട ത്തി. യു.ആർ.പ്രദീപ് എം.എൽ.എ. ഉദ്ഘാടനം ചെയ്തു. അശോകൻ ചരുവിൽ, അഷ്ടമൂർത്തി, കെ.രഘുനാഥൻ എന്നിവർ അനുസ്മരണപ്രഭാ ഷണം നടത്തി. സാഹിത്യഅക്കാദമി പ്രസിഡണ്ട് വൈശാഖൻ, സെക്രട്ടറി ഡോ.കെ.പി.മോഹനൻ, സ്മിത സുകുമാരൻ, കെ.ബാലകൃഷ്ണൻ, ദീപ എസ്.നായർ, സിന്ധു സുരേഷ് എന്നിവർ സംസാ രിച്ചു. സെക്രട്ടറി ഡോ.കെ.പി.മോഹനൻ സ്വാഗ തവും, കെ.ആർ.മനോജ്കുമാർ നന്ദിയും പറഞ്ഞു.

### 11. എഴുത്തച്ഛൻ പുരസ്കാരം

സെക്രട്ടേറിയറ്റ്, ഡർബാർ ഹാൾ, തിരുവനന്തപുരം

2021 ജനുവരി 27

2020-ലെ എഴുത്തച്ഛൻ പുരസ്കാരം തിരുവന ന്തപുരം സെക്രട്ടേറിയറ്റ്, ഡർബാർ ഹാളിൽ നടന്ന ചടങ്ങിൽവെച്ച് സക്കറിയക്ക് മുഖ്യമന്ത്രി പിണറായി വിജയൻ സമ്മാനിച്ചു. ചീഫ് സെക്രട്ടറി വിശ്വാസ് മേത്ത, സാംസ്കാരികവകുപ്പ് സെക്രട്ടറി റാണി ജോർജ്ജ്, സാഹിത്യ അക്കാദമി സെക്രട്ടറി ഡോ. കെ.പി.മോഹനൻ എന്നിവർ പങ്കെടുത്തു.

### 12. എം. ഗോവിന്ദൻ ജന്മശതാബ്ദി

കോട്ടയം

2021 ജനുവരി 28

കോട്ടയം ബസേലിയസ്സ് കോളേജ് മലയാളവി ഭാഗത്തിന്റെയും എം.കെ.സാനു ഫൗണ്ടേഷ ന്റെയും സഹകരണത്തോടെ എം.ഗോവിന്ദൻ ജന്മ ശതാബ്ദി സംഘടിപ്പിച്ചു. ചടങ്ങിൽ പ്രൊഫ. എം.കെ.സാനുവിന്റെ എം.ഗോവിന്ദൻ ജീവചരിത്രം ടി.എം.എബ്രഹാം ഡോ.പി.ജ്യോതിമോൾക്ക് നൽകി പ്രകാശനം നിർവഹിച്ചു. സാഹിത്യ അക്കാദമി സെക്രട്ടറി ഡോ.കെ.പി.മോഹനൻ, പ്രൊഫ.എം.കെ.സാനു, ഡോ.സുനിൽ പി.ഇള യിടം, ജോൺ പോൾ, പ്രൊഫ.തോമസ് മാത്യു, പ്രൊഫ.എം.എം.നാരായണൻ, ഡോ.സെൽവി സേവിയർ, സി.ജെ.ചെറിയൻ, ഡോ.തോമസ് കുരു വിള, തോമസ് ജേക്കബ്, ഡോ.മഞ്ജുഷ വി. പണി ക്കർ എന്നിവർ പങ്കെടുത്തു.

### 13. ഡോ.സുകുമാർ അഴീക്കോട് സ്മാരകം നവീകരണപ്രവൃത്തി ഉദ്ഘാടനം

എരവിമംഗലം
2021 ഫെബ്രുവരി 15

എരവിമംഗലത്ത് അഴീക്കോട് സ്മാരകത്തിന്റെ നവീകരണപ്രവർത്തനങ്ങളുടെ ഉദ്ഘാടനം സാംസ്കാരികവകുപ്പ് മന്ത്രി എ.കെ.ബാലൻ നിർവഹിച്ചു. ചീഫ് വിപ്പ് കെ.രാജൻ അദ്ധ്യക്ഷത വഹിച്ചു. അക്കാദമി പ്രസിഡണ്ട് വൈശാഖൻ, ശ്രീവിദ്യ രാജേഷ്, കെ.വി.സജു, അമൽ റാം, ജയൻ കെ. കെ., ജയരാജ് വാര്യർ എന്നി സംബന്ധിച്ചു. അക്കാദമി സെക്രട്ടറി ഡോ.കെ.പി.മോഹനൻ സ്വാഗതവും, ടി.പി.ബെന്നി നന്ദിയും പറഞ്ഞു.

### 14. ചിത്രകല കളരി

കുഞ്ഞുണ്ണിമാഷ് സ്മാരകം, വലപ്പാട്
2021 ഫെബ്രുവരി 19

കേരള ലളിതാകല അക്കാദമിയുടെ സഹകരണത്തോടെ കുട്ടികൾക്കുള്ള ചിത്രകല പരിശീലനക്യാമ്പ് സംഘടിപ്പിച്ചു. ഗീത ഗോപി എം.എൽ.എ. ഉദ്ഘാടനം ചെയ്തു. ഷിനിത വി.ഡി. അദ്ധ്യക്ഷത വഹിച്ചു. പി.വി.ബാലൻ വിശിഷ്ടാതിഥിയായി. സാഹിത്യ അക്കാദമി സെക്രട്ടറി ഡോ.കെ. പി.മോഹനൻ മുഖ്യപ്രഭാഷണം നടത്തി. ആർ.ഐ. സക്കറിയ, കെ.ഗോവിന്ദൻമാസ്റ്റർ, ഉഷ കേശവരാജ്, അപ്പു വെന്നിക്കൽ, ഇ.കെ.തോമസ്, രശ്മി സിജോ എന്നിവർ സംസാരിച്ചു.

### 15. തുഞ്ചൻ ഉത്സവം

തിരൂർ
2021 ഫെബ്രുവരി 27, 28

തുഞ്ചൻ സ്മാരകട്രസ്റ്റുമായി സഹകരിച്ച് നടത്തിയ വിവിധ വിഷയങ്ങളെക്കുറിച്ചുള്ള പ്രഭാഷണങ്ങൾ ഡോ.സുനിൽ പി.ഇളയിടം, ടി.ഡി.രാമകൃഷ്ണൻ, ഡോ.ഖദീജ മുംതാസ്, ഇ.പി.രാജഗോപാലൻ, ഡോ.ഹരികൃഷ്ണൻ, എ.സി.ശ്രീഹരി എന്നിവർ നിർവഹിച്ചു.

### 16. കുഞ്ഞുണ്ണിമാഷ് സ്മരണ

കുഞ്ഞുണ്ണിമാഷ് സ്മാരകം, വലപ്പാട്, തൃശൂർ
2021 മാർച്ച് 25

അക്കാദമി പ്രസിഡണ്ട് വൈശാഖൻ ഉദ്ഘാടനം ചെയ്തു. ഷിനിത വി.ഡി. അദ്ധ്യക്ഷത വഹിച്ചു. സത്യൻ അന്തിക്കാട് മുഖ്യാതിഥിയായി. അഷ്ടമൂർത്തി, ഡോ.കെ.പി.മോഹനൻ എന്നിവർ പ്രഭാഷണം നടത്തി. ഉഷ കേശവരാജ്, ഏങ്ങണ്ടിയൂർ ചന്ദ്രശേഖരൻ, കെ.ഗോവിന്ദൻമാസ്റ്റർ, അരവിന്ദൻ പണിക്കശ്ശേരി, ഇമബാബു, ഇ.കെ.തോമസ്, ആർ. ഐ.സക്കറിയ എന്നിവർ സംസാരിച്ചു. കുട്ടികളുടെ കലാപരിപാടികൾ ഉണ്ടായി.

## സാഹിത്യ അക്കാദമി അവാർഡുകൾ

**വിശിഷ്ടാംഗത്വം**

1. **പി.വത്സല**
2. **എൻ.വി.പി.ഉണിത്തിരി**

(50,000 രൂപയും രണ്ടു പവന്റെ സ്വർണ്ണപ്പതക്കവും പ്രശസ്തിപത്രവും പൊന്നാടയും ഫലകവുമാണ് പുരസ്കാരം.)

**സമഗ്രസംഭാവനാപുരസ്കാരം**

1. **ദലിത് ബന്ധു എൻ.കെ.ജോസ്**
2. **യു.കലാനാഥൻ**
3. **സി.പി.അബൂബക്കർ**
4. **റോസ്മേരി**
5. **പാലക്കീഴ് നാരായണൻ**
6. **പി.അപ്പുകുട്ടൻ**

(30,000 രൂപയും സാക്ഷ്യപത്രവും പൊന്നാടയും ഫലകവുമാണ് പുരസ്കാരം.)

## അക്കാദമി അവാർഡുകൾ

(25,000 രൂപയും സാക്ഷ്യപത്രവും ഫലകവുമാണ് പുരസ്കാരം.)

| | | | |
|---|---|---|---|
| 1. | **നോവൽ** | മീശ | **എസ്. ഹരീഷ്** |
| 2. | **കവിത** | രാത്രി പന്ത്രണ്ടരയ്ക്ക് ഒരു താരാട്ട് | **പി. രാമൻ** |
| | | കൊതിയൻ | **എം. ആർ. രേണുകുമാർ** |
| 3. | **നാടകം** | അരങ്ങിലെ മത്സ്യഗന്ധികൾ | **സജിത മഠത്തിൽ** |
| | | ഏലി ഏലി ലമാ സബക്താനി | **ജിഷ അഭിനയ** |
| 4. | **ചെറുകഥ** | രാമച്ചി | **വിനോയ് തോമസ്** |
| 5. | **സാഹിത്യവിമർശനം** | പാന്ഥരും വഴിയമ്പലങ്ങളും | **ഡോ. കെ. എം. അനിൽ** |
| 6. | **വൈജ്ഞാനികസാഹിത്യം** | നഷ്ടമാകുന്ന നമ്മുടെ സ്വപ്നഭൂമി | **ജി. മധുസൂദനൻ** |
| | | ശാസ്ത്രസാങ്കേതികവിദ്യകളുടെ ചരിത്രം | **ഡോ. ആർ. വി. ജി. മേനോൻ** |
| 7. | **ജീവചരിത്രം/ആത്മകഥ** | ജാലകങ്ങൾ: ഒരു ചരിത്രാന്വേഷിയുടെ വഴികൾ കാഴ്ചകൾ | **എം. ജി. എസ്. നാരായണൻ** |
| 8. | **യാത്രാവിവരണം** | വിശുദ്ധപാപങ്ങളുടെ ഇന്ത്യ | **അരുൺ എഴുത്തച്ഛൻ** |
| 9. | **വിവർത്തനം** | ഗൗതമബുദ്ധന്റെ പരിനിർവ്വാണം | **കെ. അരവിന്ദാക്ഷൻ** |
| 10. | **ബാലസാഹിത്യം** | ഹിസാഗ | **കെ. ആർ. വിശ്വനാഥൻ** |
| 11. | **ഹാസസാഹിത്യം** | ഈശ്വരൻ മാത്രം സാക്ഷി | **സത്യൻ അന്തിക്കാട്** |

## അക്കാദമി എന്റോവ്മെന്റ് അവാർഡുകൾ

1. **ഐ. സി. ചാക്കോ അവാർഡ്–** ഭാഷാശാസ്ത്രം, വ്യാകരണം, ശാസ്ത്രപഠനം (5000രൂപ)
   ചോംസ്കിയൻ വാക്യഘടനാപഠനം — **പ്രൊഫ. പി. മാധവൻ**
2. **സി. ബി. കുമാർ അവാർഡ്** – ഉപന്യാസം (3000 രൂപ)
   ഓർഡിനറി — **ബോബി ജോസ് കട്ടിക്കാട്**
3. **കെ. ആർ. നമ്പൂതിരി അവാർഡ്–** വൈദികസാഹിത്യം (2000 രൂപ)
   ശ്രീമദ് ഭഗവദ്ഗീതാ മഹാവ്യാഖ്യാനം — **സന്ദീപാനന്ദ ഗിരി**
4. **കനകശ്രീ അവാർഡ്–** കവിത (2000 രൂപ)
   ചങ്കൊണ്ടോ പറക്കൊണ്ടോ — **ഡി. അനിൽകുമാർ**
5. **ഗീതാഹിരണ്യൻ അവാർഡ്** –ചെറുകഥാസമാഹാരം (5000 രൂപ)
   പരസ്യക്കാരൻ തെരുവ് — **അമൽ**
6. **ജി. എൻ. പിള്ള അവാർഡ്–** വൈജ്ഞാനികസാഹിത്യം (3000 രൂപ)
   ഭൗമചാപം ഇന്ത്യൻ ഭൂപടനിർമ്മാണത്തിന്റെ വിസ്മയചരിത്രം — **സി. എസ്. മീനാക്ഷി**
7. **തുഞ്ചൻസ്മാരക പ്രബന്ധമത്സരം** (5,000 രൂപ) — **ഇ. എം. സുരജ**

# പ്രസിദ്ധീകരണവിഭാഗം

കേരള സാഹിത്യ അക്കാദമിയുടെ പുസ്തകപ്രസിദ്ധീകരണവിഭാഗം സന്ദർഭത്തിനൊത്ത് ഉയർന്നു പ്രവർത്തിച്ച കാലയളവാണിത്. കൊവിഡ്-9 രോഗബാധയെത്തുടർന്ന് രൂപപ്പെട്ട സാമൂഹ്യ പരിമിതികൾ പുസ്തകപ്രസാധനരംഗത്തെ പൊതുവിൽ തളർത്തുകയോ തകർക്കുകയോ ചെയ്തിട്ടുണ്ട്. പുസ്തകനിർമിതിയുമായി ബന്ധപ്പെട്ട എല്ലാ തൊഴിൽമേഖലകളുടെയും പ്രവർത്തനം മന്ദീഭവിച്ചു. ഇതെല്ലാം അക്കാദമിയുടെ പുസ്തകപ്രസാധനസംരംഭങ്ങളെയും കുറെയൊക്കെ പ്രതിസന്ധിയിലാക്കിയിട്ടുണ്ട്. എന്നാൽ, നിരന്തരമായ നിശ്ശബ്ദപ്രവർത്തനങ്ങളിലൂടെ, ഏറ്റെടുത്ത പുസ്തകങ്ങൾ ആകർഷകവും അർത്ഥപൂർണവുമായി പ്രസിദ്ധീകരിക്കാൻ അക്കാദമിക്ക് ഒട്ടൊക്കെ സാധിച്ചിട്ടുണ്ട്.

കേരളത്തിലെ വായനാസമൂഹത്തെ സാംസ്കാരികമായി മുന്നോട്ട് നയിക്കാനും, സ്വന്തം ജീവിതാവസ്ഥയെപ്പറ്റി ബോധ്യപ്പെടുത്താനും, സാമൂഹ്യപരിവർത്തനത്തിന് ചാലകശക്തിയായി മാറാനും പ്രയോജനപ്പെടുന്ന മഹാഗ്രന്ഥങ്ങൾ തയ്യാറാക്കാനാണ് സാഹിത്യ അക്കാദമി ശ്രമിച്ചത്. വൈജ്ഞാനികപഠനങ്ങൾ, സർഗാത്മകകൃതികൾ, സാഹിത്യചരിത്രം, സാംസ്കാരിക വിമർശനങ്ങൾ, വിവർത്തനങ്ങൾ, വ്യാകരണ-ഭാഷാശാസ്ത്ര-ഗവേഷണഗ്രന്ഥങ്ങൾ എന്നിങ്ങനെ മലയാളഭാഷകളുടെ നിലനിൽപ്പിന് അടിത്തറ ഒരുക്കുന്ന പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുന്നതിലൂടെ, മറ്റു പ്രസാധകർ ഏറ്റെടുക്കാത്ത സാംസ്കാരിക ദൗത്യമാണ് സാഹിത്യ അക്കാദമി പൂർണതയിലെത്തിച്ചത്.

കേരളത്തെ അടിമുടി പുതുക്കിപ്പണിത നവോത്ഥാനപ്രസ്ഥാനം നൂതനമായ സാംസ്കാരികമൂല്യബോധവും സാമൂഹ്യനീതിയെക്കുറിച്ചുള്ള ആധുനികസങ്കല്പങ്ങളും ഊട്ടിയുറപ്പിക്കുകയുണ്ടായി. പുരോഗമനചിന്തയുടെ പാരമ്പര്യധാരയെ മുന്നോട്ടുകൊണ്ടുപോകാൻ പിൻതുണക്കുന്ന പുസ്തകങ്ങൾ അക്കാദമി പ്രസിദ്ധീകരിച്ചുവരുന്നു. കേരളീയകലകളുടെ നിലനിൽപ്പും അതിജീവനവും സാധ്യമാക്കുന്ന പഠനങ്ങളും ഗവേഷണപ്രബന്ധങ്ങളും പ്രസിദ്ധീകരിക്കാൻ പ്രസിദ്ധീകരണ വിഭാഗം മുൻകൈ എടുക്കുന്നു. സർഗാവിഷ്കാരങ്ങളുടെയും ആശയസംവാദങ്ങളുടെയും ചക്രവാളങ്ങൾ വിശാലമാക്കുക എന്നതാണ് ഇതുകൊണ്ട് ലക്ഷ്യമിടുന്നത്.

ഭാഷാപഠിതാക്കൾക്കും സാഹിത്യ വിദ്യാർത്ഥികൾക്കും പഠനത്തിന് സഹായകമാകുന്ന പുസ്തകങ്ങൾ ഇക്കാലയളവിൽ പ്രസിദ്ധപ്പെടുത്താനായി. അക്കാദമികമായ ഉപരിപഠനത്തിന് തയ്യാറെടുക്കുന്നവർക്ക് ഉപകരിക്കുന്ന, അവരുടെ സിലബസിൽ ഉൾപ്പെടുന്ന പുസ്തകങ്ങൾക്ക് അക്കാദമി പുതിയ പതിപ്പുകൾ സാധ്യമാക്കി. അപൂർവ്വഗ്രന്ഥങ്ങൾ വായനക്കാരിലേക്ക് എത്തിക്കുന്ന ഭാഷാസേവനമാണ് അക്കാദമി നിർവഹിച്ചുവരുന്നത്. ഇക്കാര്യത്തിൽ കച്ചവടലാഭമോ, വിപണിയുടെ താല്പര്യങ്ങളോ അക്കാദമി പരിഗണിക്കാറില്ല. അക്കാദമി രൂപീകരിക്കപ്പെട്ട സന്ദർഭത്തിൽ തുടങ്ങിവെച്ച സാഹിത്യസേവനങ്ങളിൽ പ്രമുഖമായ ഒരു പങ്ക് നിറവേറ്റുന്നത് പ്രസിദ്ധീകരണവിഭാഗമാണെന്ന് വിനയപൂർവ്വം പറയട്ടേ.

## അവാർഡുകൾ/അംഗീകാരങ്ങൾ

ജി.മധുസൂദനൻ രചിച്ച 'നഷ്ടമാകുന്ന നമ്മുടെ സ്വപ്നഭൂമി' എന്ന കൃതിക്ക് വൈജ്ഞാനികസാഹിത്യത്തിനുള്ള കേരള സാഹിത്യ അക്കാദമി അവാർഡ് ലഭിച്ചു. കേന്ദ്ര സാഹിത്യ അക്കാദമിയുടെ അവാർഡ് ഫൈനൽലിസ്റ്റിലും ഈ കൃതി സ്ഥാനം നേടുകയുണ്ടായി.

ഡോ.എൻ.അജയകുമാറിന്റെ 'വാക്കിലെ നേരങ്ങൾ' എന്ന കൃതി ഇടശ്ശേരി സ്മാരകസമിതി ഏർപ്പെടുത്തിയ ഇടശ്ശേരി അവാർഡിന് അർഹമായി. ഡോ.കാവുമ്പായി ബാലകൃഷ്ണന്റെ 'വിജ്ഞാനമലയാളം' എന്ന കൃതി കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ വിവിധ ജില്ലകളിൽ വായനാമത്സര സിലബസിൽ ഉൾപ്പെടുത്തി. പി.എം.താജിന്റെ രാവുണ്ണി എന്ന നാടകപുസ്തകം കേരള-കണ്ണൂർ സർവകലാശാലകളുടെ ഡിഗ്രി സിലബസിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

# 2020-2021-ൽ പ്രസിദ്ധീകരിച്ച പുസ്തകങ്ങൾ

| | | |
|---|---|---|
| 1. | **മധ്യവർഗസദാചാരത്തിന്റെ കുറ്റവിചാരണ** | ഡോ.വി.സുകുമാരൻ |
| 2. | **ബുഡൻബ്രൂക്ക്സ്** (തോമസ്മൻ) | വിവ: എൻ.കെ.ദാമോദരൻ |
| 3. | **അക്ഷരവും ആധുനികതയും** | ഡോ.ഇ.വി.രാമകൃഷ്ണൻ |
| 4. | **വി.സി.ശ്രീജൻ തെ.പ്രബന്ധങ്ങൾ** | വി.സി.ശ്രീജൻ |
| 5. | **പ്രദീപൻ പാമ്പിരിക്കുന്നിന്റെ ലേഖനങ്ങൾ** | ഡോ.പ്രദീപൻ പാമ്പിരിക്കുന്ന് |
| 6. | **വായനമനുഷ്യന്റെ കലാചരിത്രം** | കവിത ബാലകൃഷ്ണൻ |
| 7. | **നാട്യശാസ്ത്രം ഭാഗം–1 (ഭരതമുനി)** | വ്യാഖ്യാനം: കെ.പി.നാരായണപിഷാരോടി |
| 8. | **നാട്യശാസ്ത്രം ഭാഗം–2 (ഭരതമുനി)** | വ്യാഖ്യാനം: കെ.പി.നാരായണപിഷാരോടി |
| 9. | **മൂന്നുമുഖം** | വി.കെ.അരവിന്ദാക്ഷൻ |
| 10. | **കൗടില്യന്റെ അർത്ഥശാസ്ത്രം (കൗടില്യൻ)** | പരിഭാഷ: കെ.വി.എം. |
| 11. | **കുമാരസംഭവം (കാളിദാസൻ)** | പി.പി.കെ.പൊതുവാൾ |
| 12. | **കഥകളിയമ്മമാർ** | ഗീത |
| 13. | **എം.ഗോവിന്ദൻ** | പ്രൊഫ.എം.കെ.സാനു |
| 14. | **സുധാകരൻ തേലക്കാട്ടിന്റെ കവിതകൾ** | സുധാകരൻ തേലക്കാട്ട് |
| 15. | **പ്രളയാനന്തരകേരളവും നദീപുനരുജ്ജീവനവും** | എൻ.കെ.സുകുമാരൻനായർ |
| 16. | **ബൈബിൾ: മതേതരവായനകൾ** | കെ.സി.വർഗീസ് |
| 17. | **നാട്യശാസ്ത്രത്തിലെ രസഭാവങ്ങൾ** | ഡോ.സി.ആർ.സന്തോഷ് |
| 18. | **പുലാക്കാട്ടിന്റെ കവിതകൾ** | പുലാക്കാട്ട് രവീന്ദ്രൻ |
| 19. | **യോഗവാസിഷ്ഠം** | വാല്മീകി/പരിഭാഷ: മഹാകവി കുട്ടമത്ത്, പി.കെ.കൃഷ്ണൻമൂത്തനമ്പ്യാർ കരിപ്പത്ത് കുഞ്ഞിരാമപ്പൊതുവാൾ |
| 20. | **എൻ.വി.യുടെ ഗദ്യകൃതികൾ 1 മുതൽ 11 വരെയുള്ള വാല്യങ്ങൾ** | എൻ.വി.കൃഷ്ണവാരിയർ ജനറൽ എഡിറ്റർ: കെ.വി.രാമകൃഷ്ണൻ |

## പുസ്തകവില്പന വിഭാഗം

2020–21 സാമ്പത്തികവർഷത്തിൽ വില്പനശാല വഴി 49,43,436/-രൂപ മുഖവിലയുള്ള പുസ്തകങ്ങൾ വില്പന നടത്തിയിട്ടുണ്ട്. വിവിധ സ്ഥലങ്ങളിൽ അക്കാദമി സംഘടിപ്പിച്ചതും പങ്കെടുത്തതുമായ പുസ്തകപ്രദർശനത്തിൽ 8,38,436/-രൂപ മുഖവിലയുള്ള പുസ്തകങ്ങളും വില്പന നടത്തിയിട്ടുണ്ട്. മൊത്തം വില്പന **57,81,872**/-രൂപയാണ്. അക്കാദമി പ്രസിദ്ധീകരിച്ച പ്രളയാക്ഷരങ്ങൾ, നവകേരളചിന്തകൾ എന്നീ പുസ്തകങ്ങൾ വില്പന നടത്തിയ ഇനത്തിൽ 5,87,325/- രൂപ കിട്ടിയിട്ടുണ്ട്. ഈ തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് നൽകുന്നതിനായി സ്വരൂപിച്ചിട്ടുള്ളതാണ്. പുസ്തകപ്രദർശനവും നടന്ന സ്ഥലങ്ങളുടെ ലിസ്റ്റും ഇതോടൊപ്പം.

| | | |
|---|---|---|
| 1. | കോട്ടയം ജില്ലാ ലൈബ്രറി കൗൺസിൽ പുസ്തകോത്സവം | 83,004.00 |
| 2. | തൃശൂർ ജില്ലാ ലൈബ്രറി കൗൺസിൽ പുസ്തകോത്സവം | 96,444.00 |
| 3. | എറണാകുളം ജില്ലാ ലൈബ്രറി കൗൺസിൽ പുസ്തകോത്സവം | 86,328.00 |
| 4. | പാലക്കാട് ജില്ലാ ലൈബ്രറി കൗൺസിൽ പുസ്തകോത്സവം | 1,04,211.00 |
| 5. | കണ്ണൂർ ജില്ലാ ലൈബ്രറി കൗൺസിൽ | 1,88,851.00 |
| | | **5,60,814.00** |

## അപ്പൻതമ്പുരാൻ സ്മാരകം

കൊച്ചി രാജവംശത്തിലെ കൈരളീവിധേയൻ രാമവർമ്മ അപ്പൻതമ്പുരാന്റെ സ്മരണകൾ നിറഞ്ഞ അപ്പൻതമ്പുരാൻ സ്മാരകം സാഹിത്യകാര മ്യൂസിയമായി പ്രവർത്തിച്ചുവരുന്നു. അപ്പൻതമ്പുരാന്റെ കൃതികൾ, ഫോട്ടോശേഖരം, കേരളചരിത്രനിർമ്മാണത്തിനായി സ്വയം വരച്ച മാപ്പുകൾ, അവ വരയ്ക്കാൻ ഉപയോഗിച്ച പെന്റോഗ്രാഫ് (സ്വയം നിർമ്മിതം), രാജകീയ ഉടുപ്പുകൾ, അദ്ദേഹത്തിന്റെ 'ഭൂതരായർ' എന്ന നോവലിലെ കഥാപാത്രങ്ങളുടെ ചിത്രങ്ങൾ (സ്വയം വരച്ചത്), ഡയറി, പഴഞ്ചൊല്ലുകളുടെ ശേഖരണം എന്നിവ ഇവിടെ സാംസ്കാരികത്തനിമ നിലനിർത്തി സൂക്ഷിച്ചുവരുന്നു.

ജോസഫ് മുണ്ടശ്ശേരി, കുറ്റിപ്പുഴ കൃഷ്ണപിള്ള, പുത്തൻകാവ് മാത്തൻതരകൻ, ജി.കുമാരപ്പിള്ള, വിലാസിനി എന്നിവരുടെ പുസ്തകശേഖരങ്ങളും സ്മാരകവസ്തുക്കളും സൂക്ഷിച്ചുവരുന്നു. മൺമറഞ്ഞ പ്രഗത്ഭരായ സാഹിത്യകാരന്മാരുടെ കൈപ്പടകൾ ശേഖരിച്ചു സൂക്ഷിച്ചുവെക്കുന്ന ജോലിയും തുടർന്നുവരുന്നു. കൊറോണ സാഹചര്യത്തെ തുടർന്ന് സ്മാരകം അടച്ചിട്ടിരിക്കുകയായിരുന്നു. സ്മാരകം തുറന്നതിന് ശേഷം ഈ വർഷം 34 പേർ മ്യൂസിയം സന്ദർശിക്കുകയും അവരുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സന്ദർശകരജിസ്റ്ററിൽ കുറിച്ചിടുകയും ചെയ്തിട്ടുണ്ട്.

മലയാളത്തിൽ ഇറങ്ങുന്ന ഒട്ടുമിക്ക ആനുകാലികങ്ങളും ഇവിടെ ബൈന്റ് ചെയ്ത് സൂക്ഷിച്ചുവരുന്നു. കൂടാതെ വിശേഷാൽപതിപ്പുകൾ, സ്മരണികകൾ, കേരള ഗസറ്റുകൾ എന്നിവയുടെ ശേഖരവുമുണ്ട്. ഇപ്പോൾ മാസികാശേഖരത്തിൽ 11244 ബൗണ്ട് വാല്യം മാസികകളുണ്ട്. ഇവ കൂടാതെ കാറളം ബാലകൃഷ്ണൻ, സക്കറിയ, ജി.കുമാരപ്പിള്ള എന്നിവരുടെ മാസികാശേഖരങ്ങളിലായി 1600-ലധികം ബൗണ്ട് വാല്യം മാസികകൾ വേറെയുമുണ്ട്.

കേരളവർമ്മ വലിയ കോയിത്തമ്പുരാൻ, ആറ്റൂർ കൃഷ്ണപിഷാരടി, ജോസഫ് മുണ്ടശ്ശേരി, വടക്കേ കുറുപ്പത്ത് കുഞ്ഞൻമേനോൻ, വടക്കേ ഇളമന ഹരി, ടി.എം.ചുമ്മാർ, പി.എ.മേനോൻ, പുത്തൻകാവ് മാത്തൻ തരകൻ, ജി.കുമാരപ്പിള്ള, സി.എൽ. ആന്റണി എന്നിവരുടെ ശേഖരങ്ങളിലായി 15,000 പുസ്തകങ്ങൾ ഉണ്ട്. മൺമറഞ്ഞ മാസികകൾ സ്കാൻ ചെയ്ത് പ്രിന്റ് എടുത്തുവെക്കുകയും ചെയ്യുന്നു. ഈ വർഷം 286 പേർ ലൈബ്രറി റഫറൻസിനായി ഉപയോഗിച്ചിട്ടുണ്ട്. അക്കാദമി പ്രസിദ്ധീകരിച്ച പുസ്തകങ്ങളുടെ വില്പനയും നടന്നുവരുന്നു. അപ്പൻതമ്പുരാന്റെ ചരമദിനമായ നവംബർ 19-ന് സ്മൃതി മണ്ഡപത്തിൽ പുഷ്പാർച്ചനയും അനുസ്മരണസമ്മേളനവും നടത്തുകയുണ്ടായി.

# കേരള സാഹിത്യ അക്കാദമി ലൈബ്രറി

മലയാളഗ്രന്ഥങ്ങളുടെ ഏറ്റവും പ്രധാന ലൈബ്രറികളിൽ ഒന്നാണ് കേരള സാഹിത്യ അക്കാദമി ലൈബ്രറി. മറ്റെങ്ങും ലഭ്യമല്ലാത്ത അമൂല്യമായ ഗ്രന്ഥശേഖരം ഈ ലൈബ്രറിയിൽ ലഭ്യമാണ്. കേരളത്തിലെ മുഴുവൻ യൂണിവേഴ്സിറ്റികളും ഗവേഷണകേന്ദ്രമായി അംഗീകരിച്ചിട്ടുള്ള അക്കാദമി ലൈബ്രറി മലയാളത്തിൽ ഗവേഷണം നടത്തുന്നവരുടെ ഏക ആശ്രയമാണ്. കേരളത്തിനകത്തും പുറത്തുനിന്നുമായി നിരവധി ഗവേഷകർ, പ്രൊഫസർമാർ, അദ്ധ്യാപകർ, പത്രം, ദൂരദർശൻ, റേഡിയോ, സ്വകാര്യചാനലുകൾ തുടങ്ങിയവയിലെ പ്രവർത്തകർ, സാംസ്കാരികനായകൻമാർ, സാംസ്കാരികരംഗത്തെ പ്രമുഖ വ്യക്തികൾ തുടങ്ങി സാധാരണ ഗ്രാമീണർ വരെ റഫറൻസിനായി അക്കാദമി ലൈബ്രറിയിൽ ദിവസേന വന്നുകൊണ്ടിരിക്കുന്നു. പുസ്തകങ്ങളും, പുസ്തകേതരഗ്രന്ഥങ്ങളും അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കുന്ന അക്കാദമി ലൈബ്രറിയിൽ ഗവേഷണത്തിനും, റഫറൻസിനും എത്തുന്നവരുടെ വർദ്ധനവ് വളരെ ശ്രദ്ധേയമാണ്. ശ്രേഷ്ഠഭാഷാപദവിയിൽ മലയാളപഠനവും ഗവേഷണവും കൂടുതൽ പ്രാധാന്യം നേടിയതോടെ അക്കാദമി ലൈബ്രറിയുടെ പ്രാധാന്യം വർദ്ധിച്ചിട്ടുണ്ട്. ഇന്റർനെറ്റ്, ഇ-മെയിൽ, ടെലഫോൺ എന്നിവ മുഖേനയുള്ള നിരവധി അന്വേഷണങ്ങൾക്ക് ദിനംപ്രതി മറുപടി കൊടുത്തുകൊണ്ടിരിക്കുന്നതും എടുത്തുപറയേണ്ടതാണ്.

### ഗവേഷണകേന്ദ്രം

അക്കാദമി കേന്ദ്രമാക്കി 21 പേർ ഇവിടെ ഗവേഷണം നടത്തുന്നുണ്ട്. 2020-2021 വർഷത്തിൽ മറ്റ് ലൈബ്രറികൾ കേന്ദ്രമാക്കി ഗവേഷണം നടത്തുന്ന 235 പേർ ഇവിടെ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഗവേഷകരുടെ പ്രതിമാസ റിപ്പോർട്ട്, സ്കോളർഷിപ്പ് ബിൽ എന്നിവ യൂണിവേഴ്സിറ്റികളിലേക്ക് അയച്ച് യു.ജി.സിയിൽനിന്നും, യൂണിവേഴ്സിറ്റികളിൽനിന്നും പട്ടികജാതി /പട്ടിക വർഗ്ഗവകുപ്പിൽനിന്നും സ്കോളർഷിപ്പ് വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുന്നതിനുവേണ്ട സഹായസഹകരണങ്ങൾ ചെയ്തുകൊടുക്കുന്നു. ഗവേഷണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് നിർദ്ദേശവും സഹായവും നൽകുന്നു. അക്കാദമിയിൽ എം.പി.പോൾ പഠനഗവേഷണകേന്ദ്രവും പ്രവർത്തിച്ചുവരുന്നു.

### മലയാളപുസ്തകങ്ങളുടെ ഡെപ്പോസിറ്ററി ലൈബ്രറി

ഇന്ത്യയുടെ ദേശീയ ഗ്രന്ഥശാലയായ കൽക്കട്ട നാഷണൽ ലൈബ്രറിക്കു തുല്യമായി കേരളത്തിലുള്ള മലയാളപുസ്തകങ്ങളുടെ ഡെപ്പോസിറ്ററി ലൈബ്രറിയാണ് കേരള സാഹിത്യ അക്കാദമി ലൈബ്രറി. മലയാളത്തിൽ പ്രസിദ്ധീകരിച്ച ഒട്ടുമിക്ക പുസ്തകങ്ങളുടെയും നിക്ഷേപകേന്ദ്രമാണ് ഈ ലൈബ്രറി.

അക്കാദമി ലൈബ്രറിയിൽ 2020-2021 വർഷത്തിൽ 1049 പുസ്തകങ്ങൾ വാങ്ങിയതും സൗജന്യമായി ലഭിച്ചതുമായിട്ടുണ്ട്. മലയാള പുസ്തകങ്ങൾ 62 വിഷയങ്ങളായിട്ടാണ് വർഗ്ഗീകരണം നടത്തിയിരിക്കുന്നത്. അക്കാദമി ലൈബ്രറിക്കായിട്ടുള്ള വർഗ്ഗീകരണമാണ് ഇവിടെ ഉപയോഗിച്ചിട്ടുള്ളത്. ലൈബ്രറിയിലെ പ്രത്യേകശേഖരങ്ങളായ രാമവർമ്മ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ശേഖരം, കൃഷ്ണകല്യാണി ലൈബ്രറി ശേഖരം, കെ.സുകുമാരൻ മെമ്മോറിയൽ ശേഖരം, വിലാസിനി ശേഖരം, മലയാളഭാഷാ പരിഷ്കരണ കമ്മിറ്റി ശേഖരം, പ്രൊഫ.വി. അരവിന്ദാക്ഷൻ ശേഖരം തുടങ്ങിയവയിലെ പുസ്തകങ്ങളും ധാരാളം പേർ റഫറൻസിനായി ഉപയോഗപ്പെടുത്തുന്നുണ്ട്. മലയാളപുസ്തകങ്ങൾക്കു പുറമെ ഇംഗ്ലീഷ് പുസ്തകങ്ങളും ഉണ്ട്. ഇവ ഡ്യൂയി ഡെസിമൽ ക്ലാസിഫിക്കേഷൻ സ്കീം അനുസരിച്ച് വർഗ്ഗീകരണം നടത്തി പ്രത്യേകമായി മാറ്റി വച്ചിരിക്കുന്നു. അക്കാദമിയിൽ റഫറൻസിനായി എത്തുന്നവർക്കുവേണ്ടി 17 ദിനപത്രങ്ങളും 260-ഓളം ആനുകാലികങ്ങളും അക്കാദമിയിൽ ലഭ്യമായിട്ടുണ്ട്.

### ഡിജിറ്റൽ ലൈബ്രറി

സാംസ്കാരികകേരളത്തിനും, കേരള സാഹിത്യ അക്കാദമിക്കും മലയാളത്തിനാകെയും അഭിമാനാർഹമായ രീതിയിൽ മലയാളത്തിലെ അപൂർവ്വ ഡോക്യുമെന്റുകൾ ഡിജിറ്റൈസ് ചെയ്ത് ലോക്കൽ നെറ്റ്വർക്ക്, ഇന്റർനെറ്റ്, ഇ-ബുക്ക് എന്നിവ മുഖേന അസംഖ്യം വായനക്കാർക്കും ഗവേഷകർക്കും ലഭ്യമാക്കിക്കൊണ്ടിരിക്കുന്നു. ആധുനിക സാങ്കേതികവിദ്യകൾ ഇത്തരത്തിൽ പൂർണമായി ഉപയോഗപ്പെടുത്തുന്നു. പ്രാചീനവും, ചരിത്രപ്രാധാന്യമുള്ളതും, അപൂർവ്വവും, മൂല്യവ

ത്തുമായ പുസ്തകങ്ങൾ ഡിജിറ്റൽ ചെയ്ത് വരും തലമുറയ്ക്ക് സുരക്ഷിതമായി കൈമാറുന്നതിനും പുതിയ പുസ്തകംപോലെ ഉപയോഗിക്കുന്നതിനും ആവശ്യമായ ആധുനികസജ്ജീകരണങ്ങൾ എല്ലാം ഒരുക്കിക്കൊണ്ട് ഡിജിറ്റൽ കൺസർവേഷൻ ലാബ് അക്കാദമിയുടെ സുവർണ്ണ ജൂബിലി മന്ദിരത്തിൽ സെറ്റ് ചെയ്തു. കാലപ്പഴക്കംകൊണ്ട് ഉപയോഗിക്കാൻ കഴിയാത്ത ഗ്രന്ഥങ്ങളുടെ ഏടുകൾ യാതൊരു കേടും കൂടാതെ ആർക്കൈവൽ സ്കാനർ ഉപയോഗിച്ച് സവിശേഷമായ രീതിയിൽ സ്കാൻ ചെയ്തുവരുന്നു. സ്കാനിംഗ് ജോലികൾ കഴിഞ്ഞ് ഡിസൈൻ വർക്കുകൾ പൂർത്തീകരിച്ച പുസ്തകങ്ങൾ പി.ഡി.എഫ്. ഫോർമാറ്റിലാക്കി സെർവറിൽ സൂക്ഷിക്കുന്നു. ഇതുവരെ 11,200-ഓളം പുസ്തകങ്ങൾ സ്കാനിംഗ് പൂർത്തീകരിച്ചിട്ടുണ്ട്. കോപ്പിറൈറ്റ് പരിധി കഴിഞ്ഞ 1200 പുസ്തകങ്ങൾ വായിക്കാനും ഡൗൺലോഡ് ചെയ്യാനും കഴിയുന്ന രീതിയിൽ വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുണ്ട്. കോപ്പിറൈറ്റ് പരിധി കഴിയാത്ത പുസ്തകങ്ങൾ ഓഫ്ലൈനായി ഓഫ്ലൈനായി ലഭ്യമാക്കുകയും ചെയ്യുന്നുണ്ട്. പ്രത്യേക ശേഖരങ്ങൾ എന്ന നിലയിലാണ് കെ.ഭാസ്കരൻനായർ ശേഖരം, കുമാരനാശാൻ ശേഖരം, ചങ്ങമ്പുഴ ശേഖരം, വള്ളത്തോൾ ശേഖരം, ഉള്ളൂർ എസ് പരമേശ്വരയ്യർ ശേഖരം, കൊട്ടാരത്തിൽ ശങ്കുണ്ണി ശേഖരം, കുഞ്ചൻനമ്പ്യാർ ശേഖരം, സി.വി.രാമൻപിള്ള ശേഖരം എന്നിവ വെബ്സൈറ്റിൽ ലഭ്യമാക്കിയിരിക്കുന്നത്. കൂടാതെ മലയാള ഗ്രന്ഥസൂചിയുടെ 9 വാല്യങ്ങളും വെബ്സൈറ്റിൽ ലഭ്യമാണ്. ലോകത്തിന്റെ ഏതു കോണിലിരുന്നും അക്കാദമിയുടെ വെബ്സൈറ്റ് ഉപയോഗിച്ച് പുസ്തകങ്ങൾ വായിക്കാനും ഡൗൺ ലോഡ് ചെയ്യാനും സാധിക്കും.

ലൈബ്രറിയിൽ എത്തുന്ന വായനക്കാർക്ക് എളുപ്പത്തിൽ പ്രയോഗിക്കാൻ കഴിയുന്ന വിവരാന്വേഷിയും ഉണ്ട്. ലൈബ്രറി രംഗത്ത് ഒട്ടേറെ സാധ്യതകളുമായി അക്കാദമി വികസിപ്പിച്ചെടുത്ത കൈരളി സോഫ്റ്റ് വെയറിൽ അച്ചടിയുടെ ആരംഭം മുതൽ 2000-ാമാണ്ടുവരെ മലയാളത്തിൽ പ്രസിദ്ധീകരിച്ച മുഴുവൻ പുസ്തകങ്ങളുടേയും ഗ്രന്ഥസൂചി ലഭ്യമാണ്. കംപ്യൂട്ടറിന്റെ സഹായത്തോടെ മലയാള അക്ഷരങ്ങൾ സോർട്ട് ചെയ്യാൻ കഴിയാവുന്ന രീതിയിൽ സർച്ച് എഞ്ചിനോടുകൂടിയ ഗ്രന്ഥസൂചി മലയാളികൾക്ക് വലിയൊരനുഗ്രഹമാണ്.

### മലയാളഗ്രന്ഥസൂചി

മലയാളത്തിൽ പ്രസിദ്ധീകരിച്ചിട്ടുള്ള മുഴുവൻ പുസ്തകങ്ങളുടേയും വിവരങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള മലയാള ഗ്രന്ഥസൂചി അക്കാദമിയുടെ ഒരു മഹാസംരംഭമാണ്. അച്ചടിയുടെ ആരംഭം മുതൽ മലയാള ഭാഷയിൽ അച്ചടിച്ച് പ്രസിദ്ധീകരിച്ചിട്ടുള്ള വിവരങ്ങൾ ഗ്രന്ഥസൂചിയിൽ ലഭ്യമാക്കിയിട്ടുണ്ട്. ഒമ്പത് വാല്യങ്ങളുടെ ഗ്രന്ഥസൂചി അക്കാദമി അക്കാദമി ഇതിനോടൊപ്പം പ്രസിദ്ധീകരിച്ചുകഴിഞ്ഞു.

### ലൈബ്രറി ആർക്കൈവ്സ്

അക്കാദമിയുടെ ആർക്കൈവ്സിൽ 1950-ന് മുമ്പു പ്രസിദ്ധീകരിച്ച മലയാളപുസ്തകങ്ങൾ, മൈക്രോഫിലിമാക്കി സൂക്ഷിച്ചിരിക്കുന്ന മൈക്രോഫിലിം ലൈബ്രറി, സാംസ്കാരികനായകരുടെ ശബ്ദം റെക്കോഡ് ചെയ്ത 742 ഓഡിയോ കാസറ്റുകളിലായി സൂക്ഷിച്ചിട്ടുള്ള ഓഡിയോ കാസറ്റ് ലൈബ്രറി എന്നിവയുണ്ട്. ഓഡിയോ കാസറ്റുകൾ മുഴുവനായി ഡിജിറ്റൽ ഫോമിലാക്കി സി.ഡി.കളിൽ സൂക്ഷിച്ചിരിക്കുന്നു. 1024 വീഡിയോ സി.ഡി.കളും 261 ഫോട്ടോ സി.ഡി.കളും ഡി.വി.ഡി.കളും ലൈബ്രറികളിൽ സൂക്ഷിച്ചുവരുന്നു. താളിയോല ഗ്രന്ഥങ്ങളുടെ ഒരപൂർവ്വശേഖരം അക്കാദമി ആർക്കൈവ്സിൽ പ്രത്യേകം സംരക്ഷിക്കുന്നതിനൊപ്പം ഇതിന്റെ വിവരണാത്മക ഗ്രന്ഥസൂചിയും തയ്യാറാക്കിയിട്ടുണ്ട്.

ആർക്കൈവ്സിൽ സൂക്ഷിച്ചിട്ടുള്ള ഈ അപൂർവ്വരേഖകൾ ഡിജിറ്റൽ ലൈബ്രറിയിലാക്കി സംരക്ഷിക്കുന്നതിനും ഉപയോഗപ്പെടുത്തുന്നതിനുമുള്ള കാര്യങ്ങൾ പ്രോജക്ട് വഴി നടപ്പാക്കികൊണ്ടിരിക്കുന്നു.

### അപ്രന്റീസ് ട്രെയിനിങ് സെന്റർ

കേരള സാഹിത്യ അക്കാദമി ലൈബ്രറിയിൽ ലൈബ്രറി സയൻസ് ബിരുദധാരികൾക്കുള്ള അപ്രന്റീസ് ട്രെയിനിങ്ങ് നൽകുന്നുണ്ട്. ഇവിടെ ഇപ്പോൾ മൂന്നുപേർ ട്രെയിനികളായി ജോലി ചെയ്തുവരുന്നു.

ലൈബ്രറിയിൽ ഗവേഷണം നടത്തുന്നവരുടെ എണ്ണവും മറ്റു ലൈബ്രറി ഉപയോക്താക്കളുടെ എണ്ണവും അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ലൈബ്രറിയിൽ പുസ്തകങ്ങളും പുസ്തകേതര ഡോക്യുമെന്റുകളും വർദ്ധിച്ചുകൊണ്ടിരിക്കുന്നു.

ഡിജിറ്റൽ ലൈബ്രറിക്കായി എല്ലാ ആധുനിക സൗകര്യങ്ങളോടും കൂടിയ ഡിജിറ്റൽ ലാബ് സുവർണ്ണ ജൂബിലി മന്ദിരത്തിൽ പ്രവർത്തനമാരംഭിച്ചുകഴിഞ്ഞു. ലൈബ്രറിയുടെ ഗവേഷണവിഭാഗം പൂർണ്ണമായും സുവർണ്ണജൂബിലി മന്ദിരത്തിലാണ് പ്രവർത്തിക്കുന്നത്.

## ആനുകാലികപ്രസിദ്ധീകരണങ്ങൾ

സാഹിത്യചക്രവാളം മാസിക, സാഹിത്യലോകം ദ്വൈമാസിക, മലയാളം ലിറ്ററി സർവ്വേ (ഇംഗ്ലീഷ് ത്രൈമാസിക) എന്നിവയാണ് സാഹിത്യ അക്കാദമി പ്രസിദ്ധീകരിക്കുന്ന ആനുകാലികങ്ങൾ.

### സാഹിത്യചക്രവാളം

സമകാലിക മലയാള, ഇന്ത്യൻ, ലോകസാഹിത്യങ്ങളുടെ ഒരു നേർക്കാഴ്ച വായനക്കാർക്ക് സമ്മാനിക്കുന്ന സാംസ്കാരിക-വാർത്താപ്രസിദ്ധീകരണമാണ് സാഹിത്യചക്രവാളം. പുതിയ സാഹിത്യവിശേഷങ്ങൾക്കൊപ്പം ഗൗരവമായ വായനയ്ക്കുതകുന്ന നിരവധി ലേഖനങ്ങളും നിലവിൽ സാഹിത്യചക്രവാളം പ്രസിദ്ധീകരിക്കുന്നുണ്ട്. പുതിയ പുസ്തകങ്ങളെ പരിചയപ്പെടുത്തുന്ന പംക്തികളും പുസ്തകനിരൂപണങ്ങളും സാഹിത്യകാരസ്മരണകളും മലയാളത്തിലെ പ്രമുഖ സാഹിത്യകാരുടെ ഓർമ്മദിനങ്ങളുൾപ്പെടുന്ന ഓർമ്മസൂചിയും സാഹിത്യചക്രവാളം മാസികയെ വ്യത്യസ്തമാക്കുന്നു. കേരള സാഹിത്യ അക്കാദമിയുടെ വാർത്താപത്രികയെന്ന തലത്തിൽനിന്ന് ഗൗരവപ്പെട്ട ഒരു സമകാലിക സാഹിത്യമാസികയായി സാഹിത്യചക്രവാളത്തെ ഉയർത്താനുള്ള ശ്രമങ്ങൾ ഇക്കാലയളവിൽ ഫലംകണ്ടു.

### സാഹിത്യലോകം

1970-ൽ പ്രസിദ്ധീകരണമാരംഭിച്ച സാഹിത്യലോകം മലയാളത്തിലെ എണ്ണംപറഞ്ഞ ഗവേഷണജേണലുകളിലൊന്നാണ്. 2019-ൽ യു.ജി.സി. കെയർ ലിസ്റ്റിൽ സ്ഥാനംനേടിയ സാഹിത്യലോകം, ഉന്നതനിലവാരമുള്ള മലയാള ഗവേഷണപ്രബന്ധങ്ങൾ പ്രസിദ്ധീകരിക്കുന്നു. അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും സാഹിത്യതത്പരർക്കും ഏറെ പ്രയോജനപ്പെടുന്ന സാഹിത്യലോകം 2020-21 വർഷം ആറു ലക്കങ്ങൾ പ്രസിദ്ധീകരിച്ചു. പെൺമലയാളം-ജീവിതത്തിന്റെ സ്ത്രീപക്ഷവായനകൾ, വംശീയത: പുനർവായനകൾ, സാഹിത്യത്തിലെ പ്രദേശഭാവനകൾ, കേസരി ബാലകൃഷ്ണപിള്ള-ജീവിതവും ദർശനവും, സുഗതകുമാരിയെക്കുറിച്ചുള്ള പ്രത്യേകപതിപ്പ് എന്നിവയായിരുന്നു ഇവയിൽ പ്രത്യേകപതിപ്പുകൾ.

### മലയാളം ലിറ്ററി സർവേ

മലയാളഭാഷയേയും സാഹിത്യത്തേയും കുറിച്ച് മറ്റുഭാഷകളിലുള്ളവർക്ക് ആധികാരികവും സമഗ്രവുമായ അറിവു പകരുന്നതിനായി 1976-ൽ ആരംഭിച്ച ത്രൈമാസികയാണ് മലയാളം ലിറ്ററി സർവ്വേ. 2021-ൽ മലയാളം ലിറ്ററി സർവ്വേയും യു.ജി.സി. യുടെ കെയർ ലിസ്റ്റിൽ ഇടംനേടി. നാലു പതിപ്പുകളാണ് ഇക്കാലയളവിൽ പ്രസിദ്ധീകരച്ചത്.

## ഭരണപരമായ കാര്യങ്ങൾ

2020-21 സാമ്പത്തികവർഷത്തിൽ വൈശാഖൻ അധ്യക്ഷനായ നിർവാഹകസമിതിയുടെ പന്ത്രണ്ടു യോഗങ്ങളും ജനറൽ കൗൺസിലിന്റെ ഒരു യോഗവും ചേർന്നു. കേരള സാഹിത്യ അക്കാദമിയിലെ ലൈബ്രേറിയൻ ഗ്രേഡ്-1 തസ്തികയിൽ നിന്ന് രാജേന്ദ്രൻ കെ. 31.05.2020-നും, യു.ഡി.ടൈപ്പിസ്റ്റ് തസ്തികയിൽ നിന്ന് ജോസ് എം.വി 31.05.2020-നും വിരമിച്ചു.

# കേരള സാഹിത്യ അക്കാദമി

## വരവ്-ചെലവ് സ്റ്റേറ്റ്മെന്റ് 2020-21

| വരവ് | തുക |
|---|---|
| 1. മുന്നിരിപ്പ് | 4,48,54,354.36 |
| 2. മലയാളം ലിറ്റററി സർവ്വേ | 41,140.00 |
| 3. സാഹിത്യലോകം | 52,000.00 |
| 4. സാഹിത്യചക്രവാളം | 47,360.00 |
| 5. കേരള സാഹിത്യ അക്കാദമി പബ്ലിക്കേഷൻസ് | 41,59,129.00 |
| 6. മലയാളഭാഷാ പരിഷ്ക്കരണകമ്മിറ്റി | 14.00 |
| 7. കൈരളീഗ്രാമം വാടക | 40,800.00 |
| 8. തപാൽക്കൂലി | 29,079.00 |
| 9. സാംസ്കാരികകൈപ്പുസ്തകം | 200.00 |
| 10. ഇൻകം ടാക്സ്-ടിഡിഎസ് | 1,28,686.00 |
| 11. ഫോട്ടോകോപ്പി | 1,35,518.00 |
| 12. അഡ്വാൻസ് റീഫണ്ട് | 1,57,936.00 |
| 13. ലൈബ്രറി ഫീസ് | 26,775.00 |
| 14. ഓഡിറ്റോറിയം വാടക | 1,70,000.00 |
| 15. വൈലോപ്പിള്ളി ഹാൾ വാടക | 48,180.00 |
| 16. ചങ്ങമ്പുഴ മന്ദിരം വാടക | 30,920.00 |
| 17. ബഷീർവേദി വാടക | 8,000.00 |
| 18. നാലപ്പാട്ട് ഓഡിറ്റോറിയം (കമലാസുറയ്യ സ്മാരകം) വാടക | 7,400.00 |
| 19. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി | 2,45,000.00 |
| 20. പഴയ ന്യൂസ്പേപ്പർ, ഇരുമ്പ് സാധനങ്ങൾ ലേലം | 11,807.00 |
| 21. ഓഡിറ്റ് റിക്കവറി-എം.വി.ജോസ് | 58,769.00 |
| 22. ലൈബ്രറി ബുക്സ് റീഫണ്ട് | 3,595.00 |
| 23. ക്വാർട്ടേഴ്സ് വാട്ടർ ചാർജ് | 620.00 |
| 24. കേബിൾ കണക്ഷൻ റീഫണ്ട്-സെക്രട്ടറി ക്വാർട്ടേഴ്സ് | 1,950.00 |
| 25. പ്രദീപൻ പാമ്പിരിക്കുന്നിന്റെ ലേഖനങ്ങൾ പ്രീ പബ്ലിക്കേഷൻ | 900.00 |
| 26. എൻ.വി.യുടെ ഗദ്യകൃതികൾ പ്രീ പബ്ലിക്കേഷൻ | 1,11,000.00 |
| 27. പ്രളയാക്ഷരങ്ങൾ പുസ്തകവില്പന | 5,39,200.00 |
| 28. ജ്ഞാനപീഠപുരസ്കാരം ചെലവ്-ഗവൺമെന്റിൽ നിന്നും റീഫണ്ട് | 1,12,927.00 |

| | | | |
|---|---|---|---|
| 29. | ഇൻകം ടാക്സ്-ഈ.ഡി.ഡേവീസ് | | 32,919.00 |
| 30. | നവകേരളചിന്തകൾ പുസ്തകവിലപ്ന | | 48,125.00 |
| 31. | അപ്രന്റീസ് സ്റ്റൈപ്പന്റ് റീഫണ്ട് | | 82,236.00 |
| 32. | മറ്റു പ്രസാധകരുടെ പുസ്തകവില്പന വിറ്റുവരവ് | | 62,471.00 |
| 33. | പലിശ | | |
| | എസ്.ബി.ഐ. | 1,22,667 | |
| | ടി.പി.എ.630 | 17,52,478 | |
| | ടി.പി.എ.225 | 2,76,693 | 21,51,838.00 |
| 34. | പലിശ-വിദ്യാഭ്യാസനിധി എഫ്.ഡി. അക്കൗണ്ടിൽനിന്നും ലഭിച്ചത് | | 32,733.00 |
| 35. | പലിശ-വിദ്യാഭ്യാസനിധി എസ്.ബി. അക്കൗണ്ടിൽനിന്നും ലഭിച്ചത് | | 2,609.00 |
| 36. | ജീവനക്കാരുടെ പ്രോവിഡന്റ് ഫണ്ട് - വരവ് | | 15,63,252.00 |
| 37. | സർക്കാരിൽ നിന്ന് ലഭിച്ച ഗ്രാന്റ് :- | | |
| | പദ്ധതിയേതരപ്രവർത്തനം | | 1,27,58,000.00 |
| | പദ്ധതിപ്രവർത്തനം | | 2,25,00,000.00 |
| | അപ്പൻതമ്പുരാൻ സ്മാരക ഗ്രാന്റ് | | 1,00,000.00 |
| | എഴുത്തച്ഛൻ പുരസ്കാരം | | 5,00,000.00 |
| | സുകുമാർ അഴീക്കോട് സ്മാരകം | | 50,00,000.00 |
| | | ആകെ | **9,58,57,442.36** |

## ചെലവ്
### പദ്ധതിയേതര ചെലവ്

| | | | |
|---|---|---|---|
| **(എ)** | **എസ്റ്റാബ്ലിഷ്മെന്റ്:-** | | |
| 1. | ശമ്പളവും അലവൻസും | | 1,00,64,204.00 |
| 2. | മെമ്പർമാരുടെ യാത്രാബത്ത | | 1,01,680.00 |
| 3. | സ്റ്റാഫിന്റെ യാത്രാബത്ത | | 20,574.00 |
| | | | **1,01,86,458.00** |
| **(ബി)** | **കണ്ടിജൻസി (അത്യാവശ്യ ചെലവുകൾ):-** | | |
| 1. | ഓഫീസ് ചെലവുകൾ | | 2,36,097.00 |
| 2. | പോസ്റ്റേജ് | | 82,211.00 |
| 3. | യോഗചെലവുകൾ | | 30,818.00 |
| 4. | ടെലഫോൺ | | 2,55,901.00 |
| 5. | വാൻ മെയിന്റനൻസ്-അക്കാദമി | | |
| | ഡീസൽ | 62,903.00 | |
| | റിപ്പയർ | 41,547.00 | |
| | ഇൻഷുറൻസ് & ടാക്സ് | 10,540.00 | 1,14,990.00 |
| 6. | കാർ മെയിന്റനൻസ് (പ്രസിഡന്റ്) | | |
| | ഡീസൽ | 33,500.00 | |
| | റിപ്പയർ | 2,085.00 | |
| | ഇൻഷുറൻസ് & ടാക്സ് | 15,232.00 | 50,817.00 |
| 7. | കാർ മെയിന്റനൻസ് (സെക്രട്ടറി) | | |
| | ഡീസൽ | 79,088.00 | |
| | റിപ്പയർ/അഡീഷണൽ വർക്സ് | 19,666.00 | |
| | ഇൻഷുറൻസ് & ടാക്സ് | 34,141.00 | 1,32,895.00 |
| 8. | ജനറേറ്റർ മെയിന്റനൻസ്-ഡീസൽ | | 13,050.00 |
| 9. | സ്റ്റേഷനറി & പ്രിന്റിംഗ് | | 40,719.00 |
| 10. | ഇലക്ട്രിസിറ്റി & വെള്ളം | | 3,41,866.00 |
| 11. | ഓഡിറ്റ് ചാർജ് (2018-19) | | 1,38,991.00 |
| 12. | പ്രസിഡണ്ടിനുള്ള ഓണറേറിയം | | 3,00,000.00 |
| 13. | വൈസ് പ്രസിഡണ്ടിനുള്ള ഓണറേറിയം | | 1,20,000.00 |
| 14. | ദിവസ/കരാർ ജീവനക്കാരുടെ വേതനം | | 16,81,871.00 |
| 15. | ഭൂനികുതി | | 11,402.00 |
| 16. | കെട്ടിടവാടക | | 12.00 |
| 17. | സ്റ്റാഫ് ക്വാർട്ടേഴ്സ് വാട്ടർ ചാർജ് | | 11,944.00 |
| 18. | അഡ്വ. ഫീസ്, ഹൈകോർട്ട് കേസ്-എം.വി.ജോസ് | | 35,000.00 |
| | | | **35,98,584.00** |
| | **ആകെ പദ്ധതിയേതരച്ചെലവ് (എ + ബി)** | | **1,37,85,042.00** |

| | | | |
|---|---|---|---|
| 1. | പദ്ധതിയേതര ചെലവ് | | 1,37,85,042.00 |
| 2. | പദ്ധതിപ്രവർത്തന ചെലവുകൾ | | 1,21,34,357.00 |
| 3. | പുസ്തകപ്രദർശനങ്ങൾ | | 1,38,027.00 |
| 4. | എഴുത്തച്ഛൻ പുരസ്കാരം | | 5,00,000.00 |
| 5. | ഹാൾ വാടക മടക്കി കൊടുത്തത് | | 1,17,766.00 |
| 6. | സെക്യൂരിറ്റി ശമ്പളം | | 2,94,000.00 |
| 7. | ഇൻകം ടാക്സ് നൽകിയത് | | 1,42,980.00 |
| 8. | മറ്റു പുസ്തകപ്രസാധകരുടെ വില്പന വിറ്റുവരവ് നൽകിയത് | | 12,419.00 |
| 9. | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് നൽകിയത് | | 2,45,000.00 |
| 10. | പ്രളയാക്ഷരങ്ങൾ പുസ്തകവില്പവിറ്റുവരവ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് നൽകിയത് | | 50,00,000.00 |
| 11. | ഡിജിറ്റൈസേഷൻ പ്രൊജക്റ്റ് | | 15,81,641.00 |
| 12. | 31.03.2021-ന് പി.എസ്.ടി.എസ്.ബി. അക്കൗണ്ടിൽനിന്ന് സർക്കാർ പിൻവലിച്ചത് | | 1,45,39,526.00 |
| 13. | 31.03.2021-ന് എസ്.ടി.എസ്.ബി. അക്കൗണ്ടിൽനിന്ന് സർക്കാർ പിൻവലിച്ചത് | | 68,82,710.00 |
| 14. | 31.03.2021-ന് ടിപിഎ 630 അക്കൗണ്ടിൽനിന്ന് സർക്കാർ പിൻവലിച്ചത് | | 76,64,050.00 |
| 15. | അപ്പൻ തമ്പുരാൻ സ്മാരകം ചെലവിലേക്ക് മാറ്റിയത് | | 8,85,273.00 |
| 16. | പ്രോവിഡന്റ് ഫണ്ട് | | |
| | പി.എഫ്.ലോൺ | 5,30,000.00 | |
| | പി.എഫ്.പിൻവലിച്ചത് (റിട്ട.സ്റ്റാഫ്) | 21,78,192.00 | 27,08,192.00 |
| 17. | ബാങ്ക് ചാർജുകൾ | | 3,316.00 |
| | | | **6,66,34,299.00** |

| | |
|---|---|
| **ആകെ വരവ്** | **9,58,57,442.36** |
| **ആകെ ചെലവ്** | **6,66,34,299.00** |
| **നീക്കിയിരിപ്പ്** | **2,92,23,143.36** |

# കേരള സാഹിത്യ അക്കാദമി
## അപ്പൻതമ്പുരാൻ സ്മാരകം
### വരവ്-ചെലവ് സ്റ്റേറ്റ്മെന്റ് 2020-21

| | | |
|---|---|---|
| നീക്കിയിരിപ്പ് | | 2,25,729.47 |
| **വരവ്** | | |
| ഫോട്ടോകോപ്പി | 2,800.00 | |
| ഗ്രാന്റ് ലഭിച്ചത് | 1,00,000.00 | |
| പലിശ | 4,673.00 | |
| അക്കാദമിയിൽനിന്ന് ട്രാൻസ്ഫർ ചെയ്തത് | 7,85,273.00 | 8,92,746.00 |
| | | **11,18,475.47** |
| **ചെലവ്** | | |
| ശമ്പളവും അലവൻസും (ദിവസവേതനം ഉൾപ്പെടെ) | 8,49,933.00 | |
| വൈദ്യുതി & വെള്ളം | 24,931.00 | |
| ടെലഫോൺ | 7,709.00 | |
| ആനുകാലികങ്ങൾ | 2,700.00 | 8,85,273.00 |
| | | **2,33,202.47** |
| **നീക്കിയിരിപ്പ് (ബാങ്ക്)** | | **2,33,202.47** |